(ബി) ഈ സാമ്പത്തികവർഷം മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) മൂന്നാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ ഇല്ലാത്ത 469 പഞ്ചായത്തുകൾ ഇപ്പോഴുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിൽ മാവേലിസ്റ്റോറില്ലാത്ത പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ വീതം 126 നിയോജകമണ്ഡലം അടിസ്ഥാനമാക്കി 121 എണ്ണം തുടങ്ങുവാൻ നടപടി പൂർത്തിയായിവരുന്നു. ഇതിൽ 68 സ്റ്റോറുകൾ തുടങ്ങാൻ അനുയോജ്യമായ കെട്ടിടം ലഭിച്ചിട്ടുണ്ട്. ബാക്കി 58 പഞ്ചായത്തുകളിലെ സ്റ്റോറുകൾക്കുള്ള നടപടിയും പുരോഗമിച്ചുവരുന്നു.

111 (111) പഞ്ചസാരയുടെ ഹോൾ സെയിൽ ലൈസൻസ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചസാരയ്ക്ക് ഹോൾസെയിൽ ലൈസൻസ് കൊടുക്കുന്ന സംവിധാനം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നു മുതലാണ് നിർത്തലാക്കിയത്;

(സി) അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്താൻ ശ്രമിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകി ലൈസൻസ് നൽകുമോ;

(ഇ) സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് കൊടുക്കാൻ ഉദ്ദേശമുണ്ടോ;

(എഫ്) ഇടുക്കി ജില്ലയിൽ മാത്രം ഇപ്പോൾ എത്ര ലൈസൻസുകൾ നിലവിലുണ്ട്;

(ജി) 1990 ആഗസ്റ്റ് മാസം എത്ര ലൈസൻസുകൾ ഇടുക്കി ജില്ലയിൽ നിലവിലുണ്ടായിരുന്നു;

(എച്ച്) അവയിൽ എത്ര എണ്ണം ഇപ്പോഴും ഉണ്ട്; അവയുടെ വിശദ വിവരം നൽകുമോ;

(ഐ) ഇടുക്കി ജില്ലയിൽ പഞ്ചസാരയുടെ ഹോൾ സെയിൽ ലൈസൻസ് പുതുതായി നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില നിയന്ത്രണങ്ങൾക്ക് വിധേയമായി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മുൻഗണന നൽകുന്നുണ്ട്.

(ഇ) ചില നിയന്ത്രണങ്ങൾക്ക് വിധേയമായി, ലൈസൻസുകൾ നൽകുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ട്.

(എഫ്) പതിനേഴ് ലൈസൻസുകൾ നിലവിലുണ്ട്.

(ജി) പന്ത്രണ്ട് ലൈസൻസുകൾ നിലവിലുണ്ടായിരുന്നു.

(എച്ച്) അവയിൽ പത്തെണ്ണം ഇപ്പോഴും ഉണ്ട്. അവയുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഐ) ഇല്ല.

112 (112) സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫുഡ് ഇൻസ്പെക്ടർമാരുണ്ടെന്ന് ജില്ല തിരിച്ചും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ /പഞ്ചായത്ത് തിരിച്ചും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ആറുമാസക്കാലത്ത് എത്ര കേസ്സുകൾ പ്രസ്തുത ഫുഡ് ഇൻസ്പെക്ടർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന വിനിഗറിൽ നേരിയ തോതിൽ സൾഫ്യൂറിക്കാസിഡ് കലർത്തിയിട്ടുള്ളതായി എന്നെങ്കിലും കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വ്യാപകമായിക്കൊണ്ടിരിക്കുന്ന മായം ചേർക്കൽ തടയുവാൻ നിലവിലുള്ള ഫുഡ്ഇൻസ്പെക്ടർമാരുടെ എണ്ണം പര്യാപ്തമാണോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള 81 ഫുഡ് ഇൻസ്പെക്ടർമാരുടെ ജില്ല/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

	പഞ്ചായത്ത്	കോർപ്പറേഷൻ	മുൻസിപ്പാലിറ്റി	ആകെ
തിരുവനന്തപുരം	8	1	2	11
കൊല്ലം	4	–	1	5
പത്തനംതിട്ട	2	–	2	4
ആലപ്പുഴ	5	–	1	6
കോട്ടയം	4	–	2	6
ഇടുക്കി	3	–	–	3
എറണാകുളം	7	1	–	8
തൃശ്ശൂർ	6	–	2	8
പാലക്കാട്	5	–	2	7
മലപ്പുറം	5	–	1	6
കോഴിക്കോട്	6	1	–	7

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly